# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം - പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 2 | യൂണിറ്റ് : 2 കുട്ടിപ്പുര | മൊഡ്യൂൾ 5 കളിവീട് |
|---|---|---|

| | |
|---|---|
| ആമുഖം | സുമംഗലയുടെ കുട്ടിപ്പുര എന്ന കഥയുടെ തന്നെ ഭാഗമാണിതിലെ പാഠ ഭാഗം. ചൊല്ലിരസിക്കാനുള്ള ഒരു കവിതയും വായിക്കാനുള്ള കഥയും വീട് നിർമ്മാണവുമാണ് ഈ മൊഡ്യൂളിലുള്ളത്. |
| പഠനനേട്ടങ്ങൾ | - കെട്ടുകഥകൾ, സംഭവങ്ങൾ എന്നിവ തന്റേതായ ഭാഷയിൽ വാചിക മായി അവതരിപ്പിക്കുന്നു - വിവിധതരം വീടുകൾ നിർമ്മിക്കുന്നു. - കവി തകൾ, കുട്ടിപ്പാട്ടുകൾ എന്നിവ താളത്തോടെ ചൊല്ലുന്നു - അടിസ്ഥാനരൂ പങ്ങളുപയോഗിച്ച് പരിചിതരൂപം വരയ്ക്കുന്നു |
| ആശയങ്ങൾ | - കഥകൾ, സംഭവങ്ങൾ എന്നിവ സ്വാഭാവികതയോടെ - ആഖ്യാനം ചെയ്യു ന്നത് ഭാഷാപ്രയോഗത്തെ സജീവവും ആകർഷകവുമാക്കുന്നു - കവിത കളും കുട്ടിപ്പാട്ടുകളും ഈണത്തിൽ പാടുന്നത് കുട്ടികളിൽ രസാനുഭൂതി ഉളവാക്കുന്നു - വീടിന്റെ ത്രിമാനരൂപം നിർമ്മിക്കൽ |
| പ്രക്രിയ | നിരീക്ഷണം |
| ഭാശഷാവസ്തുത | പ്രയോഗങ്ങൾ, ശൈലികൾ |
| വ്യവഹാര രൂപം | കഥകൾ വാചികമായി അവതരിപ്പിക്കൽ |
| സമയം | 3 മണിക്കൂർ |
| പ്രവർത്തനങ്ങൾ | 1. വീട് വരയ്ക്കാം 2. ചൊല്ലി രസിക്കാം 3. പാഠത്തിലേയ്ക്ക് 4. എഴുതാം 5. എന്തൊക്കെ ചായങ്ങൾ 6. വേഷമെന്ത് 7. വീട് നിർമ്മിക്കൽ 8. പറയാം എഴുതാം 9. വീടിന്റെ പേര് |
| വായനസാമഗ്രി | കുട്ടിപ്പുര-കവിത |
| വർക്ക്ഷീറ്റ് | വർക്ക്ഷീറ്റ് 4 കഥാപാത്രങ്ങൾക്ക് നിറംകൊടുക്കൽ |
| സർഗ്ഗവേള | കവിത കഥ പറയൽ |
| ചുമർപത്രം | |
| ദിനാചരണം | |
| സി.പി.ടി.എ | വീടുകൾ സന്ദർശനം, ചിത്രപ്രദർശനം |

**പ്രവർത്തനം സൂക്ഷ്മപ്രക്രിയ**

**1. വീടു വരയ്ക്കാം**

- ചതുരം, ത്രികോണം, വൃത്തം തുടങ്ങിയ അടിസ്ഥാനരൂപങ്ങളുപയോഗിച്ച് ചിത്രം വരയ്ക്കൽ
- ടിബി പേജ് (28) പൂർത്തിയാക്കുന്നു - വ്യക്തിഗതമായി വരച്ച് നിറംകൊടുക്കുന്നു - ചിത്രപ്രദർശനം - മികച്ചത് കണ്ടെത്തൽ - ചിത്രം വരയ്ക്കുന്നതിന് മുമ്പ് ചിത്രം വരച്ചുകഴിഞ്ഞാൽ ഏതെല്ലാം സൂചകങ്ങൾ - നോക്കിയാണ് മികച്ചത് കണ്ടെത്തുക ചർച്ചചെയ്യുന്നു - സൂചകങ്ങൾ കുട്ടികളിൽ നിന്ന് പറയിക്കുന്നു - ബിബിയിൽ എഴുതുന്നു - യോജിച്ച നിറങ്ങൾ - നിറങ്ങൾ വരയുടെ പുറത്ത്പോയിട്ടില്ല (കൃത്യത, സൂക്ഷ്മത) - വരകൾക്ക് സ്കെയിൽ ഉപയോഗിച്ചു (ഉപകരണങ്ങളുടെ ഉപയോഗം) - വീടിന്റെ ആകൃതിയുമായി സാമ്യമുള്ളത് - ഭംഗി/അകർഷണീയത

**പ്രതികരണ പേജിലേയ്ക്ക്**

- മികച്ച ചിത്രരചനകൾ ആരുടെ - ഉപകരണങ്ങളുടെ (സ്കെയിൽ) ഉപയോഗം എത്ര പേർക്ക്

## 2. ചൊല്ലി രസിക്കാം

- കളിവീട് കവിത ചാർട്ടിൽ/ടിബിയിൽ - പ്രദർശിപ്പിക്കൽ - കുട്ടികൾ സ്വതന്ത്രമായി വായിക്കട്ടെ
- ഒന്ന്/രണ്ട് പേരുടെ അവതരണം - ടീച്ചറുടെ അവതരണം -കുട്ടികളും ടീച്ചറും ഒരുമിച്ച് പാടുന്നു
- സംഘമായും ഒറ്റയ്ക്കും ചൊല്ലൽ

**പ്രതികരണ പേജ്**

- കവിത ഈണത്തിൽ ചൊല്ലുന്നവർ ആരെല്ലാം ?

## 3. പാഠഭാഗത്തേയ്ക്ക്

- സാവിത്രിക്കുട്ടിയ്ക്ക് വേലു ഉണ്ടാക്കിക്കൊടുത്ത വീട് എങ്ങനെയുള്ളതായിരിക്കും - ഊഹിച്ച് പറയൽ - നിങ്ങൾ പറഞ്ഞത് ശരിയാണോ - പേജ് (29,30) ടി.ബി വായന - കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു - പ്രയാസമുള്ള പരിചിതമല്ലാത്ത പദങ്ങളുടെ അടിയിൽ വരയ്ക്കൽ (വായന 2) - പുതിയ പദങ്ങൾ നോട്ടുബുക്കിലേയ്ക്ക് - ഗ്രൂപ്പിൽ പുതിയ പദങ്ങൾ ഏത് ചർച്ച - ബി.ബിയിൽ ക്രോഡീകരണം - ഉദാഹരണസഹിതം വ്യക്തമാക്കൽ (ഉച്ചാരണം, അർത്ഥം) - തുടർന്ന് വീണ്ടും കുട്ടികൾ വായിക്കട്ടെ (വ്യക്തിഗതം) - ഗ്രൂപ്പിൽ വായിക്കുന്നതിന് മുമ്പ് ചെറിയ ചോദ്യങ്ങൾ - ചാർട്ടിൽ/ബി.ബിയിൽ എഴുതുന്നു - പുര നിൽക്കുന്നതെവിടെ? - പുരയുടെ പേരെന്ത്? - തൊടിയിൽ എന്തെല്ലാം മരങ്ങളാണുള്ളത്? - വീട്ടിനകത്ത് ആരെല്ലാം ? - അച്ഛൻ എന്താണ് ചെയ്യുന്നത്? - അമ്മ എന്ത് ചെയ്യുന്നു? - എത്ര മക്കൾ ആ വീട്ടിലുണ്ട്? - പെൺമക്കൾ ഓരോരുത്തരും ചെയ്യുന്നതെന്ത്? - കുടുംബാംഗങ്ങളുടെ വേഷങ്ങൾ എന്തൊക്കെയാണ്? - അമ്മ അണിഞ്ഞിരിക്കുന്നതെന്ത്? - തുന്നൽപ്പണി ചെയ്യുന്ന മകളുടെ വേഷം എന്താണ്? - വീണമീട്ടുന്ന മകളുടെ വേഷത്തെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത്? (ടീച്ചർ ചോദ്യങ്ങൾ ഉറക്കെ വായിക്കുന്നു)

കുട്ടികൾ (2 പേരുടെ) ഗ്രൂപ്പിൽ വ്യക്തിഗതമായി വായിക്കുന്നു (ശ്രാവ്യം)

- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു - ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു (റാൻഡം) - ആശയഗ്രഹണം നടന്നിട്ടുണ്ടോ എന്ന് വിലയിരുത്തുന്നു - ടീച്ചറുടെ മാതൃകാവായന - ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്തൽ - *(ടി.ടി പേജ് 142,143,144 നോക്കണം)* - കുട്ടികളുടെ വായന - കുട്ടിപ്പുരകഥ പറയൽ

**വിലയിരുത്തൽ പേജിലേയ്ക്ക്**

- ആശയഗ്രഹണത്തിന് പ്രയാസം നേരിടുന്നു - മികച്ച ശ്രാവ്യവായന നടത്തുന്നവർ - ശ്രാവ്യവായനയിൽ മികച്ചവർക്കെല്ലാം ആശയഗ്രഹണം നടക്കുന്നുണ്ടോ?

**4. എഴുതാം**

- ടി.ബി 30 ലെ ചോദ്യവും ഉത്തരവും നോട്ടുബുക്കിലേയ്ക്ക് വ്യക്തിഗത രചന
  - ഉത്തരങ്ങൾ ക്ലാസ്സിൽ പൊതുചർച്ച - മാറ്റി എഴുതൽ / ടീച്ചറുടെ അവതരണം

**പ്രതികരണ പേജിലേയ്ക്ക്**

- എത്ര പേർക്ക് ശരിയായി ഉത്തരം കണ്ടെത്താൻ സാധിച്ചു? ആരെല്ലാം?

**5. എന്തൊക്കെ ചായങ്ങൾ**

- ടി.ബി 30 പൂരിപ്പിക്കൽ (വ്യക്തിഗതം) - വായിച്ച് കണ്ടെത്തട്ടെ അവതരണം എഡിറ്റിംഗ്



**6. വേഷം എന്ത്?**

- ചിത്രങ്ങൾക്ക് നിറം കൊടുക്കുന്നതിന് മുമ്പ് - കഥാഭാഗം വായന- വർക്ക്ഷീറ്റ് 2106 നൽകുന്നു - ഓരോരുത്തരുടേയും വേഷം / നിറം എന്നിവ പരിശോധിക്കൽ - നിറംകൊടുക്കൽ - ഗ്രൂപ്പിൽ പരിശോധന / തെറ്റുകൾ തിരുത്തൽ - ടി.ബി പേജ് 31 പട്ടിക പൂരിപ്പിക്കൽ

**7. വീട് നിർമ്മിക്കാം** (പ്രവൃത്തി പഠനം)

- എല്ലാവർക്കും സമചതുരാകൃതിയിലുള്ള കടലാസ് നൽകുന്നു - 16 സമചതുരങ്ങൾ വരുന്ന രീതിയാണ് മടക്കൽ - മുറിക്കൽ - വീട് നിർമ്മിച്ച് (ടി.ബിയിലേത് പോലെ) - ജനലും വാതിലും - വർണ്ണക്കടലാസിൽ വെട്ടി ഒട്ടിയ്ക്കുന്നു

**പ്രതികരണ പേജിലേയ്ക്ക്**

- നിർദ്ദേശങ്ങൾ കേട്ട് അനുസരിച്ച് പ്രവർത്തിക്കാൻ കഴിയുന്നു - ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് കുട്ടികൾക്കറിയാം - വാക്കുകളുടെ കൃത്യത - ഉൽപ്പന്നത്തിന്റെ ആകർഷണീയത - പൂർണ്ണത

- വീടുകൾ ഓരോ ഗ്രൂപ്പും മണൽത്തടത്തിൽ ഒരുക്കുന്നു - അല്ലെങ്കിൽ ഒരു കാർഡ്ബോർഡ് ഷീറ്റിൽ ഒട്ടിച്ച് ഒരു ഗ്രാമം ഉണ്ടാക്കൽ - വീടുകൾക്ക് പേരിടൽ - നിർമ്മിച്ച വീടിനെ കുറിച്ച് സംസാരിക്കൽ, പാട്ടുപാടൽ, മേൽക്കൂര ഭംഗിയാക്കൽ

## റിഫ്ളക്ഷൻ പേജിലേയ്ക്ക്

- വായനയുടെ നിലവാരം (ശ്രാവ്യവായന, ആശയഗ്രഹണ വായന) - നിർമ്മാണപ്രവർത്തനങ്ങളിൽ കുട്ടികളുടെ നിലവാരം

## 8. പറയാം എഴുതാം

- സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുരയെ കുറിച്ച് എന്തെല്ലാം പറയാം (ടീച്ചർ) - റാന്റം അവതരണം

- പാഠഭാഗം ഒരു പ്രാവശ്യം കൂടി വായിക്കൽ - വായിച്ചതിന് ശേഷം കുട്ടികൾ കുട്ടിപ്പുരയെ കുറിച്ച് പുസ്തകം നോക്കാതെ പറയട്ടെ




-

- ഓരോരുത്തർ പറയുന്നതനുസരിച്ച്ബോർഡിൽ രേഖപ്പെടുത്തൽ
- പദസൂര്യൻ പൂർക്കിയാക്കൽ
- *സാവിത്രിക്കിട്ടിയുടെ കുട്ടിപ്പുര* - *വിവരണം* നോട്ട്ബുക്കിൽ വ്യക്തിഗതമായി എഴുതുന്നു. - 3-4 പേരുള്ള ഗ്രൂപ്പിൽ അവതരണം
- ഗ്രൂപ്പിൽ വായനക്ക് മുമ്പ് ചർച്ച - ആരുടേതാണ് നല്ല രചന ? - എല്ലാ കാര്യങ്ങളും പറഞ്ഞിട്ടുണ്ടോ ? - ശരിയായ രീതിയിലാണോ പറഞ്ഞിട്ടുള്ളത് - പരസ്പരം വിലയിരുത്തുന്നു- മെച്ചപ്പെടുത്തുന്നു

**കളിവീട്**

മൂന്നര അടിയോളം ഉയരമുള്ള ഒറ്റനില കെട്ടിടം. വരാന്തയും കിടപ്പുമുറിയും ഊണുമിറിയും കലവറയും അടുക്കളയുമുണ്ട്. മരം കൊണ്ടാണ് കുട്ടിപ്പുര നിർമ്മിച്ചത്. ചെറിയൊരു വളപ്പിനുള്ളിലാണ് കുട്ടിപ്പുര. ചുറ്റും കരിങ്കല്ലു പോലെ തോന്നിക്കുന്ന മതിലും ഗേറ്റും ഗേറ്റിനു മുകളിൽ പ്രസാദം എന്ന ബോർഡുണ്ട്.

പൊൻപൂക്കൾ വിരിഞ്ഞു നിൽക്കുന്ന ചെമ്പകം. സ്വർണനിറത്തിൽ പഴുത്ത മാങ്ങകളുള്ള മാവ്. നിറയെ ചക്കകളുള്ള പ്ലാവ്. മധുരമുള്ള ഇളനീരും ചുമന്നു നിൽക്കുന്ന തെങ്ങുകൾ.ഫലവൃക്ഷങ്ങൾ നിറഞ്ഞ വളപ്പ്. വീടിന്റെ ചുമരിന് വെള്ളച്ചായവും നിലത്തിന് കറുപ്പും ജനലും വാതിലും കസേരയും നീലയുമാണ്. വീട്ടിനകത്ത് മരം കൊണ്ടുണ്ടാക്കിയ അച്ഛനേയും അമ്മയേയും മക്കളേയും ഭംഗിയ വെച്ചിരിക്കുന്നു. വസ് മരച്ചീളുകൾ കൊ ഉണ്ടാക്കിയത നിറമുള്ളതുമായിരുന സാവിത്രിക്കുട്ടിയു കുട്ടിപ്പു മനോഹരവു ചെറുതുമായിരുന്നു.



- ഗ്രൂപ്പ് രചന നടത്തുന്നു (നോട്ട്ബുക്കിൽ) - എല്ലാ ഗ്രൂപ്പിനും ചാർട്ട് കൊടുക്കുന്നു - ഗ്രൂപ്പിന്റെ രചന ചാർട്ടിലേക്ക് - ഓരോ ഗ്രൂപ്പും വായിച്ച് അവതരിപ്പിക്കുന്നു. - ഡിസ്പ്ലേ ബോർഡിൽ ഒട്ടിച്ച് വെയ്ക്കുന്നു- എല്ലാ രചനകളും കുട്ടികൾക്ക് കാണാൻ അവസരം- രചനകളെ കുറിച്ച് ചർച്ച- ടീച്ചർ വേർഷൻ അവതരണം

**9. എഡിറ്റിംഗ്**

- ആശയം, അക്ഷരത്തെറ്റ്, വാക്യഘടന, ഭാഷ തുടങ്ങിയവ പരിഗണിച്ച് ടീച്ചർ ചില ചോദ്യങ്ങളിലൂടെ ശരാശരിയുള്ള ഒരു രചന എഡിറ്റ് ചെയ്യുന്നു - ഇതിൽ കുട്ടിപ്പുരയെ കുറിച്ച് എല്ലാം പറഞ്ഞിട്ടുണ്ടോ? - ഇനിയെന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടോ? - ഈ പദം ഇങ്ങനെയാണോ എഴുതേണ്ടത്? - ടെക്സ്റ്റ് ബുക്കിൽ ഇങ്ങനെത്തന്നെയാണോ? - ഈ വാക്യം ശരിക്കും എങ്ങനെയാണ് പറയേണ്ടത്? - ഈ പദം ആവർത്തിക്കുമ്പോൾ എന്തെങ്കിലും തകരാർ ഉണ്ടോ? - ചിഹ്നം ഇതാണോ ഇവിടെ വേണ്ടത്? - ഇത്തരം ചോദ്യങ്ങളിലൂടെ കുട്ടിയെക്കൊണ്ട് തന്നെ രചന എഡിററ് ചെയ്യിക്കുന്നു. - (അക്ഷരത്തെറ്റ്, വാക്യഘടന, ചിഹ്നം)

**10. വീടിന്റെ പേര്:**

- കുട്ടിപ്പുരയുടെ മുൻവശത്തെ ഗേറ്റിൽ **പ്രാസാദം** എന്ന് രേഖപ്പെടുത്തട്ടെ. - '*പ്ര*' വരുന്ന വായനാ സാമഗ്രി പ്രദർശനം

**പ്രഭാതമായി എങ്ങും സൂര്യപ്രകാശം പരന്നു.**
**പ്രിയമോൾ ഉണർന്നു. ഉമ്മറത്തേക്ക് വന്നു.**
**അതാ മുറ്റത്ത് രണ്ട് അരിപ്രാവുകൾ.**

**പ്രഭാതം, പ്രവൃത്തി, പ്രിൻസ്,**
**അമ്പലപ്രാവ്, നിഷ്പ്രയാസം, വെപ്രാളം,**
**ഇപ്രാവശ്യം, പ്രകാശം, പ്രിയം,**
**കൊപ്ര, ഏപ്രിൽ, ഇപ്രകാരം, അരിപ്രാവ്**

- '്ര' ചിഹ്നം വരുന്ന മറ്റുവാക്കുകളും പരിചയപ്പെടുത്തുന്നു
- ചക്രം, വിക്രമൻ, ധ്രുവം, ചമ്രവട്ടം
- കുട്ടികളുടെ വീട്ടുപേര് പറയൽ എഴുതൽ
- കൂട്ടുകാരുടെ വീട്ടുപേരുകൾ ടെക്സ്റ്റ് ബുക്കിൽ എഴുതുക

# കളിവീട്

മൂന്നര അടിയോളം ഉയരമുള്ള ഒറ്റനില കെട്ടിടം. വരാന്തയും കിടപ്പുമുറിയും ഊണുമുറിയും കലവറയും അടുക്കളയുമുണ്ട്. മരം കൊണ്ടാണ് കുട്ടിപ്പുര നിർമ്മിച്ചത്. ചെറിയൊരു വളപ്പിനുള്ളിലാണ് കുട്ടിപ്പുര. ചുറ്റും കരിങ്കല്ലു പോലെ തോന്നിക്കുന്ന മതിലും ഗേറ്റും ഗേറ്റിനു മുകളിൽ 'പ്രസാദം' എന്ന ബോർഡും ഉണ്ട്.

പൊൻപൂക്കൾ വിരിഞ്ഞു നിൽക്കുന്ന ചെമ്പകം. സ്വർണനിറത്തിൽ പഴുത്ത മാങ്ങകളുള്ള മാവ്. നിറയെ ചക്കകളുള്ള പ്ലാവ്. മധുരമുള്ള ഇളനീരും ചുമന്നു നിൽക്കുന്ന തെങ്ങുകൾ.ഫലവൃക്ഷങ്ങൾ നിറഞ്ഞ വളപ്പ്. വീടിന്റെ ചുമരിന് വെള്ളച്ചായവും നിലത്തിന് കറുപ്പും ജനലും വാതിലും കസേരയും നീലയുമാണ്. വീട്ടിനകത്ത് മരം കൊണ്ടുണ്ടാക്കിയ അച്ഛനേയും അമ്മയേയും മക്കളേയും ഭംഗിയാക്കി വെച്ചിരിക്കുന്നു. വസ്ത്രം മരച്ചീളുകൾ കൊണ്ട് ഉണ്ടാക്കിയതും നിറമുള്ളതുമായിരുന്നു. സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുര മനോഹരവും ചെറുതുമായിരുന്നു.



ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

മലയാളം - വർക്ഷീറ്റ് - 2106

| ക്ലാസ് : 2 | യൂണിറ്റ് : 2 കുട്ടിപ്പുര | മൊഡ്യൂൾ 5 കളിവീട് |
|---|---|---|

കഥാപാത്രങ്ങളുടെ വേഷം എന്ത്? പാഠപുസ്തകത്തിൽ നിന്ന് കണ്ടെത്തി എഴുതുക. ഉചിതമായ നിറം നൽകുക.



.............................................................................................................

.............................................................................................................

.............................................................

.............................................................

.............................................................

.............................................................

